# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1256** **04/02/2019-ൽ മറുപടി നൽകേണ്ടത്**

## കരുത്ത് പദ്ധതി

| ചോദ്യം<br><br>ശ്രീ.പി.കെ. ശശി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള കരുത്ത് എന്ന പദ്ധതിയെ കുറിച്ച് വിശദമാക്കാമോ; സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ഹയർ സെക്കൻഡറി സ്കൂളുകളിലെ പെൺകുട്ടികളുടെ ശാരീരികവും, മാനസികവുമായ വികാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടിയാണ് കരുത്ത്. സ്വയം പ്രതിരോധിക്കുന്നതിനായി ഓരോ വർഷവും നിശ്ചിത സ്കൂളുകൾ തെരഞ്ഞെടുത്ത് പെൺകുട്ടികൾക്ക് ഏതെങ്കിലുമൊരു ആയോധനകലയിൽ പരിശീലനം നൽകുന്നു. തായ്ക്കോണ്ടോ, കരാട്ടെ, കളരിപ്പയറ്റ് തുടങ്ങിയ ഇനങ്ങളിലാണ് സാധാരണയായി പരിശീലനം നൽകുന്നത്. ഈ വർഷം 100 ഹയർ സെക്കൻഡറി സ്കൂളുകളിലാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ സ്കൂളിൽ നിന്നും 30 കുട്ടികൾക്കാണ് 40 ദിവസത്തെ പരിശീലനം നൽകുന്നത്. പരിശീലകനുള്ള ഓണറേറിയം, കുട്ടികൾക്കുള്ള ലഘുഭക്ഷണം, പരിശീലന വസ്തുക്കൾ, പ്രത്യേക യൂണിഫോമുകൾ തുടങ്ങിയവയ്ക്കുള്ള ഫണ്ട് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഡയറക്ടറേറ്റിൽനിന്നും നൽകുന്നു. ഈ വർഷം 93 സ്കൂളുകളിൽ കരുത്ത് പ്രോഗ്രാം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ